


ഡോ.ആർ സീതാരാമൻ പുരസ്കാരം ഏറ്റുവാങ്ങുന്നു

# ദോഹ ബാങ്ക് സി.ഇ.ഒ ഡോ.ആർ സീതാരാമന് ലൈഫ് ടൈം അച്ചീവ്മെന്റ് പുരസ്കാരം

ദുബൈ: ദി ബാങ്കേഴ്സ് മിഡിൽ ഈസ്റ്റ് ഇൻഡസ്ട്രി അവാർഡ്സ് ഒരുക്കിയ ചടങ്ങിൽ ദോഹ ബാങ്ക് സി.ഇ.ഒ. ഡോ.ആർ സീതാരാമനെ ലൈഫ് ടൈം അച്ചീവ്മെന്റ് പുരസ്കാരം നൽകി ആദരിച്ചു. ചടങ്ങിൽ ഖത്തർ എക്സ്ചേഞ്ച് സി.ഇ.ഒ.റാഷിദ് അൽ മൻസൂരി ആണ് ഡോ. സീതാരാമനു പുരസ്കാരം നൽകിയത്. ഇന്ത്യൻ സാമ്പത്തിക സാമൂഹിക പാരിസ്ഥിതിക രംഗത്തിനു നൽകിയ സംഭാവനകൾ പരിഗണിച്ചാണ് ഈ പുരസ്കാരം.

പരിസ്ഥിതി സംരക്ഷണം ഓരോരുത്തരുടേയും ബാധ്യതയാണെന്നും ഈ രംഗത്തുണ്ടാകുന്ന വീഴ്ച ഗുരുതരമായ പ്രത്യാഘാതങ്ങൾക്ക് കാരണമാകുമെന്നും ഡോ. ആർ സീതാരാമൻ അഭിപ്രായപ്പെട്ടു. ആന്റി സ്മോക്കിങ് സൊസൈറ്റി ഐഡിയൽ ഇന്ത്യൻ സ്കൂളിൽ സംഘടിപ്പിച്ച പരിസ്ഥിതി ദിനാഘോഷ പരിപാടിയിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. പേപ്പർ ബാങ്കിംഗ്, ഇന്റർനെറ്റ് ബാങ്കിംഗ്, ഫോൺ ബാങ്കിംഗ്, ഇ- റെമിറ്റൻസ്, ഓൺലൈൻ ബിൽ പേയ്മെന്റ് എന്നീ നൂതന ഗ്രീൻ എക്കോ ഫ്രെൻഡിലി സേവനങ്ങൾ ജനങ്ങൾക്കിടയിൽ പാരിസ്ഥിതികസംരക്ഷണ ബോധം വർധിപ്പിക്കുമെന്നും മറുപടി പ്രസംഗത്തിൽ ഡോ. സീതാരാമൻ പറഞ്ഞു. ടി. എം. കബീർ, നിയാസ്, രാജ്കുമാർ ജി. നായർ, അൻഷദ് ഇബ്രാഹിം, അൻഷാദ് ഇബ്രാഹിം, ഡോ. വണ്ടൂർ അബൂബക്കർ, വിദ്യാശങ്കർ, ഫാത്തിമ ഹന, ഫാത്തിമ ഹസ്ന എന്നിവരും പങ്കെടുത്തു.